2024
JUNE
05
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപന്നങ്ങൾ
Home Delivery
9847 12 9091, 98465 97621



## ‘തൃശൂർ എടുത്തു’

**തൃശൂർ:** കേരളത്തിൽ അലയടിച്ച ‘തൃശൂർ ഞാൻ ഇങ്ങ് എടുക്കുവാ’ എന്ന സൂപ്പർ സ്റ്റാർ സുരേഷ് ഗോപിയുടെ വൈറൽ മാസ് ഡയലോഗ് ചരിത്രത്തിലേക്ക്. തൃശൂരിൽ സുരേഷ് ഗോപിയിലൂടെ കേരളത്തിലാദ്യമായി ലോകസഭയിലേക്ക് താമര വിരിഞ്ഞു. അതിശക്തമായ ത്രികോണ മത്സരം നടന്ന മണ്ഡലത്തിൽ അദ്ദേഹത്തിന് 74,686 വോട്ടുകളുടെ വിജയമാണുണ്ടായത്.

എതിരാളികളെ തുടക്കം മുതൽ ഒടുക്കംവരെ നിഷ്പ്രഭരാക്കിയാണ് സുരേഷ് ഗോപി ഡൽഹിയിലേക്ക് പോകുന്നത്. യുഡിഎഫ് തരംഗം കേരളത്തിലാകെ അലയടിച്ചപ്പോൾ സാംസ്കാരിക തലസ്ഥാനത്ത് അതിശക്തനായ യുഡിഎഫ് സ്ഥാനാർഥി കെ. മുരളീധരനെ മൂന്നാം സ്ഥാനത്തേക്കു തള്ളി എന്നതാണു ശ്രദ്ധേയം. സംസ്ഥാനത്ത് ബിജെപി ആദ്യ അക്കൗണ്ട് തുറന്നത് ദേശീയതലത്തിലും വലിയ ശ്രദ്ധ നേടി.

‘എനിക്ക് തൃശൂർ വേണം, നിങ്ങളെനിക്ക് തൃശൂർ തരണം, തൃശൂർ ഞാൻ ഇങ്ങ് എടുക്കുവാ’ എന്ന കഴിഞ്ഞ തെരഞ്ഞെടുപ്പിലെ സുരേഷ് ഗോപിയുടെ ഡയലോഗ് ഏറെ ശ്രദ്ധ നേടിയിരുന്നു. മൂന്നാമങ്കത്തിൽ മിന്നും വിജയം നേടിയാണ് സുരേഷ് ഗോപി തൻറെ മാസ് ഡയലോഗ് യാഥാർഥ്യമാക്കിയത്. തൃശൂർക്കാരോട് അദ്ദേഹം നടത്തിയ ആവശ്യം ഇത്തവണ അവർ അംഗീകരിച്ചു. 2019ൽ ലോക്സഭയിലേക്കും 2021ൽ നിയമസഭയിലേക്കും തൃശൂരിൽ നിന്ന് മത്സരിച്ചെങ്കിലും രണ്ടു തവണയും അദ്ദേഹം മൂന്നാം സ്ഥാനത്തായി. പ്രതീക്ഷ കൈവിടാതെ ആത്മവിശ്വാസത്തോടെ വർഷങ്ങളായി മണ്ഡലത്തിൽ തന്നെ ശ്രദ്ധ കേന്ദ്രീകരിച്ചു തെരഞ്ഞെടുപ്പ് ഗോദയിലിറങ്ങിയപ്പോൾ ഇക്കുറി ചരിത്ര വിജയം നേടി തൃശൂരിനെ ഇങ്ങ് എടുക്കുകയായിരുന്നു.

തപാൽ വോട്ടുകൾ എണ്ണിയതു മുതൽ ഓരോ ഘട്ടത്തിലും സുരേഷ് ഗോപിക്കു തന്നെയായിരുന്നു ലീഡ്. ഓരോ റൗണ്ടിലും ലീഡ് വർധിച്ചു. ഒരു തവണ പോലും എതിർ സ്ഥാനാർഥികൾക്ക് സുരേഷ് ഗോപിയെ മറികടക്കാനായില്ല. മനുഷ്യസ്നേഹിയും നടനുമെന്ന നിലയിലുള്ള അദ്ദേഹത്തിൻറെ സ്വാധീനം തൃശൂരിൽ ബിജെപിയുടെ വോട്ട് വിഹിതം വർധിപ്പിക്കാൻ സഹായിച്ചു.

യുഡിഎഫിൻറെ സിറ്റിങ് സീറ്റായ തൃശൂരിൽ കോൺഗ്രസിലെ കെ. മുരളീധരൻ മൂന്നാം സ്ഥാനത്താണ്. എൽഡിഎഫിൻറെ അഡ്വ. വി.എസ്. സുനിൽകുമാർ രണ്ടാം സ്ഥാനത്ത്. പദ്മജ വേണുഗോപാൽ ബിജെപിയിലേക്ക് പോയതോടെയാണ് സഹോദരനായ കെ. മുരളീധരൻ വടകര വിട്ട് തൃശൂരിലെത്തിയത്. മുൻ മന്ത്രിയും നാട്ടുകാരനുമായ സുനിൽകുമാറിനെ എൽഡിഎഫും രംഗത്തിറക്കിയതോടെ മത്സരം തീപാറി.

2019ൽ 77.86 ശതമാനമായിരുന്നു തൃശൂരിലെ പോളിങ്. 2024ൽ പോളിങ് ശതമാനം 72.9. പോളിങ് 5 ശതമാനം കുറഞ്ഞിട്ടും തൃശൂരിൽ ഇപ്രാവശ്യം ബിജെപി നേടിയ അപ്രതീക്ഷിത വിജയം എൽഡിഎഫിനും യുഡിഎഫിനും കനത്ത തിരിച്ചടിയാണ്. കോൺഗ്രസിൽ ഇതൊരു വലിയ വിവാദത്തിനും വഴിതുറക്കും.

# ചരിത്രനേട്ടം: മൂന്നാം വട്ടവും എൻഡിഎയ്ക്ക്



**ന്യൂഡൽഹി:** മൂന്നാം വട്ടവും എൻഡിഎയ്ക്ക് തുടർഭരണം നൽകിയ ജനങ്ങൾക്ക് നന്ദി പറഞ്ഞ് പ്രധാനമന്ത്രി നരേന്ദ്രമോദി. കഴിഞ്ഞ പത്തു വർഷവും നടത്തിയ വികസന പ്രവർത്തനങ്ങൾ തുടരുമെന്നും മൂന്നാം വട്ടവും എൻഡിഎയിൽ വിശ്വാസമർപ്പിച്ച ജനങ്ങൾക്ക് നന്ദി പറയുന്നെന്നും മോദി എക്സിൽ കുറിച്ചു.

അതിനിടെ, മോദി നാളെ രാഷ്ട്രപതിയെ കണ്ടേക്കുമെന്നും ഈയാഴ്ച സത്യപ്രതിജ്ഞ ചെയ്തേക്കുമെന്നുള്ള അഭ്യൂഹങ്ങൾ പുറത്തുവരുന്നുണ്ട്. വാരാണസിൽ നിന്നു മത്സരിച്ച മോദി വിജയിച്ചെങ്കിലും കഴിഞ്ഞ തവണത്തേക്കാൾ ഭൂരിപക്ഷം കുറഞ്ഞ കാഴ്ചയാണ് ഉണ്ടായത്. യുപി കോൺഗ്രസ് അധ്യക്ഷൻ അജയ് റായായിരുന്നു മോദിയുടെ എതിരാളി. 2019 ൽ 4,79,505 വോട്ടുകളുടെ ലീഡ് നേടിയിരുന്ന മോദിക്ക് ഇത്തവണ 1,52,513 വോട്ടുകളുടെ ഭൂരിപക്ഷമാണ് ലഭിച്ചത്. വാരാണസിയിൽ നോട്ടയ്ക്ക് 8257 വോട്ടുകളും ലഭിച്ചു.

## ദേശീയ പാർട്ടി പദവി സിപിഎം നിലനിർത്തും

**ന്യൂഡൽഹി:** രാജസ്ഥാനിൽ ജയിച്ചതോടെ സിപിഎമ്മിന്റെ ദേശീയ പാർട്ടി പദവിക്കു 2033 വരെ ഭീഷണിയില്ല. കേരളം, ബംഗാൾ, തമിഴ്നാട്, ത്രിപുര എന്നീ 4 സംസ്ഥാനങ്ങളിൽ സിപിഎമ്മിനു സംസ്ഥാന പാർട്ടി പദവിയുള്ളതു കൊണ്ടാണു നിലവിൽ ദേശീയ പാർട്ടിയായി തുടരുന്നത്. ബംഗാളിൽ 2026 ൽ സംസ്ഥാന പദവി നഷ്ടമാകുന്ന സാഹചര്യമാണ്. സികാറിലെ ജയത്തോടെ സിപിഎമ്മിനു രാജസ്ഥാനിൽ കൂടി സംസ്ഥാന പദവി ലഭിക്കും. ബംഗാളിൽ പദവി നഷ്ടമായാലും രാജസ്ഥാനിലെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ നാലിടത്ത് സംസ്ഥാന പാർട്ടിയായി തുടരാം.

## വിപണിയിലുണ്ടായത് നാല് വർഷത്തിനു ശേഷമുള്ള കനത്ത ഇടിവ്

**കൊച്ചി:** വോട്ടെണ്ണൽ ദിനത്തിൽ ഓഹരി വിപണി കൂപ്പുകുത്തി. ബെഞ്ച്മാർക്ക് സൂചികകളായ സെൻസെക്സും നിഫ്റ്റിയും വ്യാപാരത്തിൽ ആറ് ശതമാനത്തോളം ഇടിഞ്ഞു. നാല് വർഷത്തിനിടെ ഇന്ത്യൻ ഓഹരി വിപണിയിലുണ്ടാകുന്ന ഏറ്റവും വലിയ പ്രതിദിന തകർച്ചയാണ് ഇന്നലത്തേത്.

സെൻസെക്സ് 4,389.73 പോയിൻറ് നഷ്ടത്തോടെ 72,079.05ലും നിഫ്റ്റി 1,379.40 പോയിൻറ് നഷ്ടത്തോടെ 21,884.50ലും വ്യാപാരം അവസാനിപ്പിച്ചു.

സൂചികകൾ വ്യാപാരം ആരംഭിച്ചത് തന്നെ കനത്ത നഷ്ടത്തോടെയായിരുന്നു. സെൻസെക്സ് 1,715.78 പോയിൻറ് താഴ്ന്ന് 74,753ലും നിഫ്റ്റി 539.1 പോയിൻറ് താഴ്ന്ന് 22,724.80ലുമാണ് വ്യാപാരം ആരംഭിച്ചത്.

തുടർന്നുള്ള വ്യാപാരത്തിൽ 2,623.91 പോയിൻറ് കുത്തനെ ഇടിഞ്ഞ് സെൻസെക്സ് 73,844.36ലും നിഫ്റ്റി 617.45 പോയിൻറ് താഴ്ന്ന് 22,646.45ലും എത്തിയിരുന്നു.

വ്യാപാര സെഷനിൽ ബിഎസ്ഇ സൂചിക ഒരുവേള 6,234.35 പോയിൻറ് ഇടിഞ്ഞ് അഞ്ച് മാസത്തെ ഏറ്റവും താഴ്ന്ന നിലയായ 70,234.43ൽ എത്തിയിരുന്നു.



# റീച്ച് വേൾഡ് വൈഡ് സൗജന്യ പഠനോപകരണവിതരണം നടത്തി

**കോട്ടയം:** റീച്ച് വേൾഡ് വൈഡ് ജീവകാരുണ്യ സംഘടനയുടെ നേതൃത്വത്തിൽ വിദ്യാർഥികൾക്കായി സൗജന്യ പഠനോപകരണ വിതരണം നടന്നു. പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം മന്ത്രി വി എൻ വാസവൻ നിർവഹിച്ചു.

പ്രസിഡണ്ട് ഡോ. മാത്യു കുരുവിള അധ്യക്ഷത വഹിച്ചു ചടങ്ങിൽ പുതിയ ചെയർമാൻ റോണക്ക് മാത്യു സ്ഥാനമേറ്റു.കഴിഞ്ഞ 20 വർഷങ്ങളായി പതിനായിരക്കണക്കിന് നിരാലംബരായ വിദ്യാർത്ഥികളെ സ്പോൺസർ ചെയ്തുകൊണ്ട് റീച്ച് നൽകി കൊടുക്കുന്ന സൗജന്യ വിദ്യാഭ്യാസസഹായപദ്ധതി ഏറെ പ്രശംസനീയമാണെന്നും,ആഫ്രിക്കയിലെ 'ഘാന'എന്ന രാജ്യത്ത് ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായിരുന്ന റോണക്ക് മാത്യു നയിക്കുന്ന യുവ സന്നദ്ധപ്രവർത്തകരിൽ ഏറെ പ്രതീക്ഷകൾ ഉണ്ടെന്നും മന്ത്രി അഭിപ്രായപ്പെട്ടു. 2004 ൽ ഒരുപിടി അരി ഒരുപാട് ജീവൻ എന്ന പദ്ധതിയിലൂടെ കോട്ടയം പട്ടണത്തിൽ വിശക്കുന്നവർക്ക് ആഹാരം നൽകികൊണ്ടായിരുന്നു റീച്ചിന്റെ തുടക്കം.



പിന്നീട് നിർധന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായ പദ്ധതി, സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി സൗജന്യ ഓട്ടോറിക്ഷ വിതരണം, 'യൂട്ടേൺ' എന്ന ആന്റി ഡ്രഗ് ക്യാമ്പയിനുകൾ, സൗജന്യ പാർപ്പിട പദ്ധതി, പൊതു സ്ഥലങ്ങൾ മാലിന്യ വിമുക്തമാക്കുന്ന സ്വപ്നസുന്ദരകേരളം പദ്ധതി, പൊതുജനങ്ങളെ സഹായിക്കുന്ന റീച്ച് കാര്യാലയങ്ങൾ, സൗജന്യ കുടിവെള്ള പദ്ധതി, ഗ്രാമങ്ങളെ മാലിന്യ വിമുക്തമാക്കുന്ന വില്ലേജ് അഡോപ്ഷൻ പ്രോഗ്രാം എന്നിങ്ങനെ നിരവധി ജീവകാരുണ്യ പദ്ധതികളാണ് റീച്ച് നടത്തിവരുന്നത്.

# കൊച്ചിൻ ഇക്കണോമിക് സോൺ ആരംഭിച്ച് ഡിപി വേൾഡ്

**കൊച്ചി:** ഡിപി വേൾഡ് കൊച്ചിൻ ഇക്കണോമിക് സോണിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. വല്ലാർപാടം ടെർമിനലിന്റെ കൊച്ചി തുറമുഖ പരിസരത്ത് സ്ഥിതി ചെയ്യുന്ന കേരളത്തിലെ ആദ്യത്തെ സ്വതന്ത്ര വ്യാപാര വെയർഹൗസിംഗ് സോണും ഇന്ത്യയിലെ മൂന്നാമത്തെ ഡിപി വേൾഡ് ഇക്കണോമിക് സോണുമാണ് കൊച്ചിൻ ഇക്കണോമിക് സോൺ.

ഇന്ത്യയിലെ ആദ്യത്തെ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ കൂടി ആയ കൊച്ചിൻ തുറമുഖത്തിന്റെ സാധ്യതകൾ വർധിപ്പിക്കുന്നതാണ് ഡിപി വേൾഡ് കൊച്ചിൻ ഇക്കണോമിക് സോൺ. ഈ 75,000 ചതുരശ്ര അടി അത്യാധുനിക സൗകര്യം ഡിപി വേൾഡിന്റെ സ്ട്രാറ്റജിക് മൾട്ടിമോഡൽ ലോജിസ്റ്റിക്സ് ശൃംഖലയുമായി സംയോജിപ്പിച്ച് ഇന്ത്യയിലും ആഗോള വിപണിയിലും കണക്ഷനുകൾ സുഗമമാക്കും. കൊച്ചിയുടെ തിരക്കേറിയ തുറമുഖ പ്രവർത്തനത്തിന്റെ ഹൃദയഭാഗത്തുള്ള ഇക്കണോമിക് സോൺ പയനിയറിംഗ് ട്രേഡ് സൊല്യൂഷനുകൾക്കുള്ള സുപ്രധാന കുതിച്ചുചാട്ടം അടയാളപ്പെടുത്തും.

67 മൂല്യവർധിത സേവനങ്ങൾ സംയോജിപ്പിച്ചുകൊണ്ട്, ബിസിനസുകൾ അതാത് വിതരണ ശൃംഖല പ്രവർത്തനങ്ങൾക്ക് നേട്ടങ്ങൾ നൽകും.വിതരണ ശൃംഖലകൾ കാര്യക്ഷമമാക്കുന്നതിലൂടെ ആഗോള വ്യാപാര അവസരങ്ങൾ വർധിപ്പിക്കുക എന്നതാണ് സാമ്പത്തിക മേഖലകൾ സ്ഥാപിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത് എന്ന് ഇക്കണോമിക് സോൺസ് മിഡിൽ ഈസ്റ്റ്, നോർത്ത് ആഫ്രിക്ക, സബ്കോണ്ടിനെന്റ് സീനിയർ വൈസ് പ്രസിഡന്റ് രഞ്ജിത് റേ പറഞ്ഞു. മൾട്ടിമോഡൽ കണക്റ്റിവിറ്റി വഴി പോർട്ടുകളെ വിശാലമായ വിതരണ ശൃംഖലയിലേക്ക് ബന്ധിപ്പിച്ച് കൊച്ചിയിലെ സംയോജിത മൂല്യവർദ്ധിത സേവനങ്ങൾ നൽകും. ഈ സൗകര്യം എക്സിം അധിഷ്ഠിത ബിസിനസുകളെ പിന്തുണയ്ക്കുക മാത്രമല്ല, ആഗോള കമ്പനികൾക്ക് ഇന്ത്യൻ വിപണിയിൽ പ്രവേശിക്കാനുള്ള വാതിലുകൾ തുറക്കുകയും ചെയ്യുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.ഡിപി വേൾഡ് കൊച്ചിൻ ഇക്കണോമിക് സോണിന് മൂന്ന് ദേശീയ പാതകളിലൂടെ മികച്ച കണക്റ്റിവിറ്റി ഉണ്ട്: എൻഎച്ച് 66 മുംബൈ, എൻഎച്ച് 544 സേലം കോയമ്പത്തൂർ, എൻഎച്ച് 85 മധുര വഴി രാമേശ്വരം. കൂടാതെ, 57 കിലോമീറ്റർ അകലെ എറണാകുളം ജംഗ്ഷൻ (സൗത്ത്), എറണാകുളം ടൗൺ (വടക്ക്) റെയിൽവേ സ്റ്റേഷനുകളുണ്ട്. കൊച്ചി വിമാനത്താവളം ഏകദേശം 35 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്നതിനാൽ, സാമ്പത്തിക മേഖലയ്ക്കുള്ളിൽ പ്രവർത്തിക്കുന്ന ബിസിനസുകൾക്ക് മെച്ചപ്പെട്ട പ്രവേശനക്ഷമതയും കണക്റ്റിവിറ്റിയും ലഭിക്കും.



എസ് ഇ ഇ സെഡ് നിയമത്തിന്റെ ചട്ടക്കൂടിനുള്ളിൽ പ്രവർത്തിക്കുന്ന ഡിപി വേൾഡിന്റെ കൊച്ചിൻ ഇക്കണോമിക് സോൺ ഇന്ത്യയിൽ ഇറക്കുമതി, കയറ്റുമതി, വ്യാപാര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങൾക്ക് ഗണ്യമായ നേട്ടങ്ങളാണ് നൽകുന്നത്. ഡിപി വേൾഡ് എഫ് ടി ഡബ്ല്യൂ ഇ സെഡ് തടസമില്ലാത്തതും സൗകര്യപ്രദവുമായ റീ എക്സ്പോർട്ട് പ്രക്രിയകൾ സുഗമമാക്കുന്നു. ഇത് വ്യാപാര പ്രവർത്തനങ്ങളിൽ സമാനതകളില്ലാത്ത വഴക്കവും കാര്യക്ഷമതയും നൽകും. ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത സ്ഥാപനം ഇല്ലാതെ യൂണിറ്റ് സജ്ജീകരണത്തിനുള്ള അനുമതി, ഇറക്കുമതിക്കാർക്കുള്ള ഡ്യൂട്ടി ഫ്രീ ഡെഫർമെന്റ്, അതുവഴി ബിസിനസ് ചെയ്യാനുള്ള എളുപ്പം വർധിപ്പിക്കൽ തുടങ്ങിയ നിയന്ത്രണ ആനുകൂല്യങ്ങളും ഇത് നൽകുന്നു. ഡിപി വേൾഡ് കൊച്ചിൻ ഇക്കണോമിക് സോൺ, ജബൽ അലി ഫ്രീ സോണിലേക്കും (ജാഫ്സ) അതിനപ്പുറവും സമന്വയവും കണക്റ്റിവിറ്റിയും വാഗ്ദാനം ചെയ്യുന്ന, വ്യാപാര വാണിജ്യത്തിനു സുപ്രധാന കേന്ദ്രമായി മാറാൻ ഒരുങ്ങുകയാണ്.

# കെഎസ്എഫ്ഇഒഎ: ഭാരവാഹികളെ തെരഞ്ഞെടുത്തു

**കൊച്ചി:** കെഎസ്എഫ്ഇ ഓഫിസേഴ്സ് അസോസിയേഷൻ പുതിയ സംസ്ഥാന ഭാരവാഹികളെ തെരഞ്ഞെടുത്തു.



ആന്റോ ആന്റണി, സുശീലൻ എസ്

ആന്റോ ആന്റണി എം പി (പ്രസിഡന്റ്), ചാക്കോ ടി ചാക്കോ (വർക്കിംഗ് പ്രസിഡന്റ്), വിനോദ് കുമാർ കോഴിക്കോട്, ക്രിസ്റ്റി എറണാകുളം, ശരൺ പത്തനംതിട്ട, മുഹമ്മദ് ഷഫീഖ് എം തിരുവനന്തപുരം, സൈമൺ, സാം (വൈസ് പ്രസിഡന്റുമാർ), സുശീലൻ എസ് (ജനറൽ സെക്രട്ടറി), അനൂപ് തൃശൂർ (സെക്രട്ടറി), ഷിബു തിരുവനന്തപുരം, അജിത്ത് പാലക്കാട്, ദീപക് കോട്ടയം, ഇഖ്ബാൽ കോഴിക്കോട്, സിതോഷ് മലപ്പുറം, തൻസീം ആലപ്പുഴ, ഗ്ലാഡിസ് ഫ്രാൻസിസ് കോഴിക്കോട് (ജോയിന്റ് സെക്രട്ടറിമാർ), ബേബി ജേക്കബ് ഇടുക്കി (ട്രഷറർ) എന്നിവരാണ് ഭാരവാഹികൾ.

# ടിബിഒ ടെകിന് 201 കോടി രൂപയുടെ അറ്റാദായം

**കൊച്ചി:** മുൻനിര ട്രാവൽ ഡിസ്ട്രിബ്യൂഷൻ പ്ലാറ്റ്ഫോമുകളിലൊന്നായ ടിബിഒ ടെക് ലിമിറ്റഡ് കഴിഞ്ഞ സാമ്പത്തിക വർഷം 35 ശതമാനം വാർഷിക വർധനവോടെ 201 കോടി രൂപ അറ്റാദായം കൈവരിച്ചു. സാമ്പത്തിക വർഷത്തിൻറെ നാലാം ത്രൈമാസത്തിൽ 64 ശതമാനം വർധനവോടെ 46 കോടി രൂപയുടെ അറ്റാദായവും കൈവരിച്ചിട്ടുണ്ട്. സാമ്പത്തിക വർഷത്തിലെ വരുമാനം 31 ശതമാനം വർധിച്ച് 1393 കോടി രൂപയിലും എത്തി.ജംബോൺലൈനിനെ ഏറ്റെടുത്തത് ഇതിനകം തന്നെ ക്രിയാത്മക ഫലങ്ങൾ ലഭ്യമാകുന്നുണ്ടെന്നും നാലാം ത്രൈമാസത്തിൽ മികച്ച സംഭാവനകൾ നൽകിയെന്നും വിജയകരമായ ഐപിഒയ്ക്കു ശേഷം ഗണ്യമായ വളർച്ചയോടു കൂടിയ പ്രവർത്തന ഫലങ്ങൾ പുറത്തു വിടുന്നതിൽ ആവേശമുണ്ടെന്നും ടിബിഒ ജോയിൻറ് മാനേജിങ് ഡയറക്ടറും സഹ സ്ഥാപകനുമായ ഗൗരവ് ഭട്നാഗർ പറഞ്ഞു.സർക്കാരിൻറെ ഉഡാൻ പദ്ധതിയും കൂടുതൽ വിമാനത്താവളങ്ങൾ വികസിപ്പിക്കാനുള്ള പദ്ധതിയും വരും വർഷങ്ങളിൽ തങ്ങളുടെ വളർച്ചയ്ക്ക് സഹായകമാകുമെന്ന് സഹ സ്ഥാപകനും ജോയിൻറ് മാനേജിങ് ഡയറക്ടറുമായ അൻകുഷ് നിജാവൻ ചൂണ്ടിക്കാട്ടി.

# ലോക പരിസ്ഥിതി ദിനം: കണ്ടൽച്ചെടികൾ നട്ട് ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി,:** ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ആസ്റ്റർ മെഡ്സിറ്റി അധികൃതർ കടമക്കുടിയിൽ കണ്ടൽ ച്ചെടികൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിക്ക് തുടക്കമിട്ടു. മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു.



'ആസ്റ്റർ ഗ്രീൻ ചോയിസസ്' എന്ന പേരിൽ ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ നടപ്പിലാക്കി വരുന്ന പരിസ്ഥിതി സൗഹൃദപദ്ധതികളുടെ ഭാഗമാണിതും. ആശുപത്രി ശൃംഖലയുടെ സേവന വിഭാഗമായ ആസ്റ്റർ വോളന്റിയഴ്സും കടമക്കുടി ഗ്രാമപഞ്ചായത്തുമായി ചേർന്നാണ് പരിപാടി നടപ്പിലാക്കുന്നത്. ഈ പദ്ധതിയിലൂടെ 25 ഏക്കറോളം മത്സ്യക്കെട്ടാണ് സംരക്ഷിക്കപ്പെടുന്നത്.ആസ്റ്റർ ഡിഎം ഫൗണ്ടേഷന്റെ അസിസ്റ്റന്റ് ജനറൽ മാനേജർ ലത്തീഫ് കാസിം, ആസ്റ്റർ മെഡ്സിറ്റി ഹെഡ് ഓഫ് ഓപ്പറേഷൻസ് ധന്യ ശ്യാമളൻ അടക്കമുള്ള ജീവനക്കാർ സന്നിഹിതരായിരുന്നു. ആസ്റ്റർ വോളന്റീയർസിനൊപ്പം ഗ്രാമപ്പഞ്ചായത്ത് പ്രതിനിധികളും, കൃഷി വകുപ്പ് ഉദ്യോഗസ്ഥരും പ്രദേശവാസികളും സജീവമായി രംഗത്തെത്തി. ഏവരുടെയും കൂട്ടായ പരിശ്രമത്തിലൂടെയാണ് പദ്ധതി പുരോഗമിക്കുന്നത്.



# കെടിഎം കപ്പ് 2024: സീസൺ രണ്ടിന് വിജയകരമായ സമാപനം

**കൊച്ചി:** കെടിഎം കപ്പ് 2024 സീസൺ 2 ന് സമാപനം. പ്രോ, വുമൺ, അമേചർ വിഭാഗങ്ങളിലായി 114 വ്യത്യസ്ത നഗരങ്ങളിൽ നിന്നുള്ള 900 കെടിഎം ഉടമകൾ മത്സരത്തിനുണ്ടായിരുന്നു. ഇതിൽ നിന്ന് 38 നഗരങ്ങളിൽ നിന്നുള്ള 111 പേരെയാണ് ക്വാളിഫയറിലേക്ക് തിരഞ്ഞെടുത്തത്. സീസൺ രണ്ടിന്റെ ഗ്രാൻഡ് ഫിനാലെയിൽ രാഹിൽ പിള്ളാരി ഷെട്ടി (പ്രൊ വിഭാഗം), ആൻ ജെന്നിഫർ (വനിതാ വിഭാഗം), ആദം ഫിറോസ് ബക്കർ (അമേചർ വിഭാഗം) എന്നിവർ വിജയികളായി. വിജയികൾക്ക് ക്യാഷ് അവാർഡിന് പുറമേ, ഓസ്ട്രിയയിലെ കെടിഎം അക്കാദമി ഓഫ് സ്പീഡിൽ മോട്ടോജിപി രംഗത്തെ പ്രശസ്തരായവരുടെ സാനിധ്യത്തിൽ കെടിഎം പ്രോ ഇൻസ്ട്രക്ടർമാർക്കൊപ്പം പരിശീലനം നേടാൻ അവസരം ലഭിക്കും. പ്രോ കാറ്റഗറിയിൽ അഭിഷേക് വാസുദേവ്, കയാൻ സുബിൻ പട്ടേൽ എന്നിവർ യഥാക്രമം 2, 3 സ്ഥാനങ്ങൾ നേടി. അമചർ വിഭാഗത്തിൽ മുഹമ്മദ് യൂസഫും ശശാങ്ക ശർമയുമാണ് യഥാക്രമം രണ്ടും മൂന്നും സ്ഥാനക്കാർ. വനിതാ വിഭാഗത്തിൽ ലാനി ജെന ഫെർണാണ്ടസ് രണ്ടാമതായി. തനിഷ സഞ്ജയ് അറോറക്കാണ് മൂന്നാം സ്ഥാനം.കോയമ്പത്തൂർ, ഡൽഹി, മുംബൈ, കൊൽക്കത്ത എന്നിവിടങ്ങളിൽ നടന്ന സെലക്ഷൻ റൗണ്ടിൽ ഇന്ത്യയിലുടനീളമുള്ള 860ലധികം റൈഡർമാരാണ് പങ്കെടുത്തത്. ഇതിൽ 200ഓളം പേർ വനിതകളായിരുന്നു. കെടിഎം സിയുപി ഇന്ത്യയെപ്പോലെ ലോകമെമ്പാടുമുള്ള എല്ലാ രാജ്യങ്ങളിലും റേസിങ്ങിനായി ഗ്രാസ്റൂട്ട് ലെവൽ പ്രോഗ്രാം ഉണ്ടായിരിക്കണമെന്ന് കെടിഎം കപ്പ് റേസ് ഡയറക്ടർ ജെറെമി മക്‌വില്യംസ് പറഞ്ഞു. കെടിഎം കപ്പിലൂടെ ആയിരത്തിലധികം കെടിഎം റേസർമാർക്ക് അവരുടെ റേസിങ് കഴിവുകൾ പഠിക്കാനും പ്രദർശിപ്പിക്കാനും ഞങ്ങൾ ഒരു വേദിയൊരുക്കിയെന്ന് ബജാജ് ഓട്ടോ ലിമിറ്റഡ് (പ്രോബൈക്കിങ്) പ്രസിഡന്റ് സുമീത് നാരംഗ് പറഞ്ഞു.



# അസറ്റ് എവണ്ണിന് കൊച്ചിയിൽ തറക്കല്ലിട്ടു

**കൊച്ചി:** പ്രമുഖ ബിൽഡറായ അസറ്റ് ഹോംസിന്റെ 110ാമത് പദ്ധതിയായ അസറ്റ് എവൺ ബ്രിഡ്ജ്ടൗൺ, കൊച്ചി കാക്കനാട് നിർമാണമാരംഭിച്ചു. അസറ്റ് ഹോംസ് മാനേജിംഗ് ഡയറക്ടർ വി സുനിൽ കുമാർ , തൃക്കാക്കര മുനിസിപ്പാലിറ്റി വാർഡംഗം ലിയ തങ്കച്ചൻ എന്നിവർ ചേർന്ന് തറക്കല്ലിട്ടു. ജോയിന്റ് വെഞ്ചർ പാർട്ണർ ശരൺകുമാർ, അസറ്റ് ഹോംസ് സിഇഒ ടോണി ജോൺ, സിടിഒ എൽ മഹേഷ്, സീനിയർ ജിഎം പ്രൊജക്റ്റ്സ് സജിത്, ശിവാനന്ദൻ തുടങ്ങിയവർ പങ്കെടുത്തു. 2, 3 ബെഡ്റൂം ലക്ഷ്വറി അപ്പാർട്ട്മെന്റുകളുടെ പദ്ധതിയായ അസറ്റ് എവൺ ബ്രിഡ്ജ്ടൗൺ 2028ൽ നിർമാണം പൂർത്തീകരിച്ച് ഉടമകൾക്ക് കൈമാറുമെന്ന് വി സുനിൽ കുമാർ പറഞ്ഞു.

# ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോഴ്സുകൾ

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് (ഐ.എച്ച്.ആർ.ഡി) 12ാം ക്ലാസ് പരീക്ഷ കഴിഞ്ഞ വിദ്യാർഥികൾക്കായി നിർമ്മിത ബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) ൽ കോഴ്സുകൾ ആരംഭിക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ പരിചയപ്പെടുത്തുന്നതിനായി ആരംഭിക്കുന്ന അഞ്ച് ദിവസത്തെ ഓൺലൈൻ കോഴ്സിലേക്ക് പ്രവേശനത്തിന് ഇപ്പോൾ അപേക്ഷിക്കാം. ജൂൺ 11 മുതൽ 15 വരെ ഓൺലൈനായി നടത്തുന്ന കോഴ്സിന്റെ ഫീസ് 500 രൂപയാണ്. കോഴ്സ് രജിസ്ട്രേഷൻ ലിങ്ക് : https://www.ihrd.ac.in/index.php/ai12.



ജോയ് ആലുക്കാസിന്റെ മലേഷ്യയിലെ പത്താംവാർഷികത്തിന്റെ ഭാഗമായി ക്വലാലംപുരിലെ നവീകരിച്ച ഷോറൂം ജോയ് ആലുക്കാസ് മാനേജിംഗ് ഡയറക്ടർഇന്റർനാഷണൽ റിലേഷൻസ് ജോൺ പോൾ ആലുക്കാസ് ഉദ്ഘാടനം ചെയ്യുന്നു. ജോയ് ആലുക്കാസ് ഗ്രൂപ്പ് ഡയറക്ടർ സോണിയ ആലുക്കാസ് സമീപം.

# പ്രൊമോഷണൽ കാംപയിനുമായി ഹോണ്ട കാർസ്

**ന്യൂഡൽഹി:** പ്രീമിയം കാർ നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് (എച്ച്സിഐഎൽ) ആനുകൂല്യങ്ങളും സമ്മാനങ്ങളും വാഗ്ദാനം ചെയ്യുന്ന ഒരു മാസം നീണ്ടുനിൽക്കുന്ന 'ഹോണ്ട സമർ ബൊണാൻസ' കാംപയിൻ പ്രഖ്യാപിച്ചു.ഈ ഓഫർ ഹോണ്ട എലിവേറ്റ്, ഹോണ്ട സിറ്റി, സിറ്റി ഇ:എച്ച്ഇവി, ഹോണ്ട അമേസ് എന്നിവയുൾപ്പെടെയുള്ള പ്രീമിയം ശ്രേണിയിലുള്ള കാറുകൾ വാങ്ങുമ്പോൾ രാജ്യവ്യാപകമായി എല്ലാ ഹോണ്ട ഡീലർഷിപ്പുകളിലും ജൂൺ 1 മുതൽ 30 വരെ ലഭ്യമാണ്.ഹോണ്ട സമ്മർ ബൊണാൻസ' ഉപഭോക്താക്കൾക്ക് പാരീസിലേക്കുള്ള ഒരു എക്സ്ക്ലൂസീവ് ദമ്പതികളുടെ യാത്രയോ അല്ലെങ്കിൽ 75,000 രൂപ വരെ വിലയുള്ള ഉറപ്പുള്ള സമ്മാനങ്ങൾ നേടാനുള്ള സവിശേഷ അവസരം നൽകുന്നു. കാംപയിന്റെ ഭാഗമായി എല്ലാ ടെസ്റ്റ് ഡ്രൈവുകളിലും സർപ്രൈസ് ഗിഫ്റ്റ് ഉണ്ട്. സമ്മർ ബോണാൻസ ഓഫറുകളെല്ലാം ശ്രേണിയിൽ ലഭ്യമായ പ്രതിമാസ ഓഫറുകൾക്ക് പുറമെയായിരിക്കുമെന്ന് ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡിന്റെ മാർക്കറ്റിംഗ് & സെയിൽസ് വൈസ് പ്രസിഡൻറ് കുനാൽ ബെൽ പറഞ്ഞു.



# പതിനെട്ടിന്റെ തിളക്കത്തിൽ യുഡിഎഫ്

- 20 ൽ 18 സീറ്റും നേടി യുഡിഎഫ്
- തൃശൂർ സുരേഷ് ഗോപി എടുത്തു
- സിപിഎം ഒരു സീറ്റിൽ ഒതുങ്ങി
- മൽസരിച്ച നാലു സീറ്റും തോറ്റ് സിപിഐ

**കൊച്ചി:** ലോകസഭാ തിരഞ്ഞെടുപ്പിൽ കേരളത്തിൽ യുഡിഎഫ് തരംഗം.തൃശൂരിൽ സുരേഷ് ഗോപിയിലൂടെ താമര വിരിയിച്ച് ബിജെപി. സിപിഎം നേതൃത്വം നൽകുന്ന എൽഡിഎഫ് ഒരു സീറ്റിൽ ഒതുങ്ങി. വയനാടിൽ രാഹുൽ ഗാന്ധിക്ക് മൂന്നര ലക്ഷത്തിലധികം വോട്ടുകളുടെ ഭൂരിപക്ഷം. എൽഡിഎഫിനൊപ്പം നിന്ന കേരള കോൺഗ്രസ് മാണി ഗ്രൂപ്പും യുഡിഎഫിനൊപ്പം നിന്ന ജോസഫ് ഗ്രൂപ്പും ഏറ്റുമുട്ടിയ കോട്ടയത്ത് ജോസഫ് ഗ്രൂപ്പ് വിജയക്കൊടി നാട്ടിയപ്പോൾ നാലു സീറ്റിൽ മൽസരിച്ച സിപിഐ നാലിലും പരാജയപ്പെട്ടു. വയനാട്ടിൽ സിപിഐയുടെ ദേശീയ നേതാവ് ആനി രാജയെയാണ് രാഹൂൽ ഗാന്ധി മൂന്നര ലക്ഷത്തിലധികം വോട്ടുകളുടെ ഭൂരിപക്ഷത്തിൽ പരാജയപ്പെടുത്തിയത്. ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രനായിരുന്നു ഇവിടുത്തെ എൻഡിഎ സ്ഥാനാർഥി.



ലോകസഭാ തിരഞ്ഞെടുപ്പിൽ എറണാകുളം മണ്ഡലത്തിൽ നിന്ന് വിജയിച്ച ഹൈബി ഈഡനെ തോളിലേറ്റി പ്രവർത്തകർ ആഹ്ലാദം പങ്കിടുന്നു

20 സീറ്റിൽ 18 ഉം നേടി മിന്നു പ്രകടനമാണ് കോൺഗ്രസ് നേതൃത്വം നൽകുന്ന യുഡിഎഫ് കേരളത്തിൽ നടത്തിയത്. അതേ സമയം 2019 ൽ 20 ൽ 19 സീറ്റും യുഡിഎഫ് നേടിയിരുന്നു. അന്നു വിജയിച്ച രണ്ട് സിറ്റിംഗ് സീറ്റുകൾ ഇത്തവണ കോൺഗ്രസിന് നഷ്ടമായപ്പോൾ ഒരു സീറ്റ് സിപിഎമ്മിൽ നിന്നും കോൺഗ്രസ് തിരിച്ചു പിടിച്ചു. ആലത്തൂരും തൃശൂരുമാണ് കോൺഗ്രസിന് നഷ്ടമായത് ആലത്തൂർ സിപിഎം പിടിച്ചെടുത്തപ്പോൾ സുരേഷ് ഗോപിയിലൂടെ തൃശൂർ ബിജെപി പിടിച്ചു. അതേ സമയം സിപിഎം കഴിഞ്ഞ തവണ വിജയിച്ച ആലപ്പുഴ ഇത്തവണ കെ സി വേണുഗോപാലിലൂടെ കോൺഗ്രസ് തിരിച്ചു പിടിക്കുകയും ചെയ്തു.കോൺഗ്രസിന്റെ സിറ്റിംഗ് എംപിയായിരുന്ന രമ്യ ഹരിദാസിനെ പരാജയപ്പെടുത്തി സംസ്ഥാന മന്ത്രിയായ സിപിഎമ്മിലെ കെ രാധാകൃഷ്ണനാണ് ആലത്തൂരിൽ വിജയിച്ചത്.

ബിജെപി ഏറെ വിജയപ്രതീക്ഷ പുലർത്തിയിരുന്ന രണ്ടു മണ്ഡലങ്ങളായിരുന്നു തൃശൂരും തിരുവനന്തപുരവും തൃശൂരിൽ സുരേഷ് ഗോപിയും തിരുവനന്തപുരത്ത് രാജീവ് ചന്ദ്രശേഖറുമായിരുന്നു മൽസരിച്ചത്.തൃശൂരിൽ സിപിഐയിലെ വി എസ് സുനിൽകുമാറിനെയും കോൺഗ്രസിലെ കെ മുരളീധരനെയും പരാജയപ്പെടുത്തി സുരേഷ് ഗോപി 74,000 ൽപ്പരം വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വൻ വിജയം നേടിയപ്പോൾ തിരുവനന്തപുരത്ത് രാജീവ് ചന്ദ്രശേഖർ സിറ്റിംഗ് എംപി ശശിതരൂരിനോട് പരാജയപ്പെടുകയായിരുന്നു. തൃശൂർ കോൺഗ്രസിന്റെ സിറ്റിംഗ് സീറ്റായിരുന്നു.ടി എൻ പ്രതാപനായിരുന്നു കഴിഞ്ഞ തവണ ഇവിടെ നിന്നും വിജയിച്ചത്. സുരേഷ് ഗോപി തന്നെയായിരുന്നു അന്നും ഇവിടെ ബിജെപി സ്ഥാനാർഥി.എന്നാൽ ഇത്തവണ പ്രതാപന് പകരം കെ മുരളീധരനെ കോൺഗ്രസ് ഇവിടെ സ്ഥാനാർഥിയാക്കുകയായിരുന്നു. കഴിഞ്ഞ തവണ പരാജയത്തിന്റെ കൈപ്പുനീര് കുടിച്ച സുരേഷ് ഗോപി ഇത്തവണ വിജയമധുരം നുണഞ്ഞപ്പോൾ കോൺഗ്രസിന്റെ കെ മുരളീധരൻ മൂന്നാം സ്ഥാനത്ത് പോയി. തിരുവനന്തപുരത്ത് വോട്ടെണ്ണലിന്റെ ഒരു ഘട്ടത്തിൽ 23,000ൽപ്പരം വോട്ടുകൾക്ക് ലീഡ് ചെയ്ത രാജീവ് ചന്ദ്രശേഖർ വിജയിക്കുമെന്ന പ്രതീതി വന്നെങ്കിലും അവസാന ലാപ്പിൽ ശശി തരൂർ രാജീവ് ചന്ദ്രശേഖറെ മറികടന്ന് 16,000ൽപ്പം വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വിജയം നിലനിർത്തുകയായിരുന്നു. എൽഡിഎഫ് സ്ഥാനാർഥി സിപി ഐയിലെ പന്ന്യൻ രവീന്ദ്രൻ മൂന്നാം സ്ഥാനത്തായി. തീരദേശ പ്രദേശങ്ങളും ഗ്രാമപ്രദേശങ്ങളുമാണ് ശശിതരൂരിനെ തുണച്ചത്. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ 20 സീറ്റിൽ 19 ഉം കോൺഗ്രസ് നേടിയപ്പോൾ ആലപ്പുഴ മാത്രമാണ് സിപിഎമ്മിന് നേടാൻ കഴിഞ്ഞത്. അന്ന് വിജയിച്ച എ എം ആരിഫിനെ ഇത്തവണ കോൺഗ്രസിന്റെ കെ സി വേണുഗോപാൽ പരാജയപ്പെടുത്തിയാണ് സീറ്റ് തിരിച്ചു പിടിച്ചത്.

യുഡിഎഫിൽ രാഹുൽ ഗാന്ധിയെക്കൂടാതെ ഹൈബി ഈഡൻ(എറണാകുളം),ഇടി മുഹമ്മദ് ബഷീർ(മുസ്ലിം ലീഗ്, മലപ്പുറം), എംപി അബ്ദുസമദ്സമദാനി(മുസ് ലിം ലീഗ്, പൊന്നാനി),

എന്നിവർ രണ്ടു ലക്ഷത്തിലധികം വോട്ടുകളുടെ ഭൂരിപക്ഷത്തിലുമാണ് വിജയം സ്വന്തമാക്കിയത്. ആറ്റിങ്ങിൽ നിന്നും വിജയിച്ച അടൂർ പ്രകാശിനാണ് യുഡിഎഫിലെ ഏറ്റവും കുറഞ്ഞ ഭൂരിപക്ഷം(1708 വോട്ട്).ഇഞ്ചോടിഞ്ച് പോരാട്ടമായിരുന്നു ആറ്റിങ്ങലിൽ നടന്നത്.സിപിഎമ്മിലെ വി ജോയിയും ബിജെപിയിലെ വി മുരളീധരനുമായിരുന്നു എതിർ സ്ഥാനാർഥികൾ അവസാന നിമിഷം വരെ ലീഡ് നില മാറി മറിഞ്ഞ വോട്ടെണ്ണലിൽ ആരു ജയിക്കുമെന്ന് പ്രവചിക്കാൻ പറ്റാത്ത വിധം കടുത്ത പോരാട്ടമായിരുന്നു നടന്നത്.

രാഹുൽ ഗാന്ധി(വയനാട്), ശശി തരൂർ (തിരുവനന്തപുരം), അടൂർ പ്രകാശ് (ആറ്റിങ്ങൽ),കെ സി വേണുഗോപാൽ( ആലപ്പുഴ),എൻ കെ പ്രേമചന്ദ്രൻ( കൊല്ലം),ആന്റോ ആന്റണി (പത്തനംതിട്ട), കൊടിക്കുന്നിൽ സുരേഷ്(മാവേലിക്കര), ഫ്രാൻസിസ് ജോർജ്ജ് (കോട്ടയം), ഡീൻ കുര്യാക്കോസ് (ഇടുക്കി),ഹൈബി ഈഡൻ (എറണാകുളം) ബെന്നി ബഹനാൻ (ചാലക്കുടി),വി കെ ശ്രീകണ്ഠൻ (പാലക്കാട്), അബ്ദുസമദ് സമദാനി(പൊന്നാനി), ഇടി മുഹമ്മദ് ബഷീർ (മലപ്പുറം), എം കെ രാഘവൻ (കോഴിക്കോട്), ഷാഫി പറമ്പിൽ(വടകര),കെ സുധാകരൻ (കണ്ണൂർ), രാജ്മോഹൻ ഉണ്ണിത്താൻ (കാസർകോഡ്) എന്നിവരാണ് വിജയിച്ച യുഡിഎഫ് സ്ഥാനാർഥികൾ

# വിജയിച്ച സ്ഥാനാർഥികൾ



ഷാഫി പറമ്പിൽ (യുഡിഎഫ്, വടകര),ശശി തരൂർ (യുഡിഎഫ്, തിരുവനന്തപുരം), സുരേഷ് ഗോപി (ബിജെപി, തൃശൂർ), വി കെ ശ്രീകണ്഻ൻ(യുഡിഎഫ്, പാലക്കാട്)



അടൂർ പ്രകാശ് (യുഡിഎഫ്, ആറ്റിങ്ങൽ),ഡീൻ കുര്യാക്കോസ്( യുഡിഎഫ്,ഇടുക്കി), ഫ്രാൻസിസ് ജോർജ്ജ് (യുഡിഎഫ്, കോട്ടയം), ആന്റോ ആന്റണി (യുഡിഎഫ്,പത്തനംതിട്ട), ബെന്നി ബഹനാൻ(യുഡിഎഫ്, ചാലക്കുടി), എം.പി അബ്ദുസമദ്സമദാനി (യുഡിഎഫ്, പൊന്നാനി), ഇ ടി മുഹമ്മദ് ബഷീർ (യുഡിഎഫ്,മലപ്പുറം),ഹൈബി ഈഡൻ (യുഡിഎഫ്, എറണാകുളം)



കെ സി വേണുഗോപാൽ(യുഡിഎഫ്, ആലപ്പുഴ), കൊടിക്കുന്നിൽ സുരേഷ് (യുഡിഎഫ്, മാവേലിക്കര), കെ രാധാകൃഷ്ണൻ (എൽഡിഎഫ്, ആലത്തൂർ), കെ സുധാകരൻ (യുഡിഎഫ്, കണ്ണൂർ), എം കെ രാഘവൻ (യുഡിഎഫ്, കോഴിക്കോട്), എൻ കെ പ്രേമചന്ദ്രൻ (യുഡിഎഫ്, കൊല്ലം), രാഹുൽ ഗാന്ധി (യുഡിഎഫ്, വയനാട്), രാജ്മോഹൻ ഉണ്ണിത്താൻ (യുഡിഎഫ്, കാസർകോഡ്)

# മൂന്നാം സർക്കാർ രൂപീകരിക്കും ഇനി വലിയ തീരുമാനങ്ങൾ: പ്രധാനമന്ത്രി

## ഈയാഴ്ച തന്നെ സത്യപ്രതിജ്ഞയുണ്ടായേക്കും



**ന്യൂഡൽഹി:** എൻഡിഎ മൂന്നാം സർക്കാർ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ലോക്സഭാ തിരഞ്ഞെടുപ്പു ഫലം പുറത്തുവന്നതിനു പിന്നാലെ ബിജെപി ആസ്ഥാനത്ത് പ്രവർത്തകരെ അഭിസംബോധന ചെയ്തു നടത്തിയ പ്രസംഗത്തിലാണ് മോദി ഇക്കാര്യം വ്യക്തമാക്കിയത്. ബിജെപിയിൽ ജനങ്ങൾ അർപ്പിച്ച വിശ്വാസത്തിന് അദ്ദേഹം ഒരിക്കൽക്കൂടി നന്ദി പറഞ്ഞു. എക്സിറ്റ് പോളുകൾ പ്രവചിച്ചതും ബിജെപി പ്രതീക്ഷിച്ചതുമായ വിജയം കൈവരിച്ചില്ലെങ്കിലും പ്രവർത്തകരുടെ കരഘോഷത്തിനിടെയിലൂടെയായിരുന്നു വേദിയിലേക്ക് മോദിയുടെയും ബിജെപി അധ്യക്ഷൻ ജെ.പി. നഡ്ഡയുടെയും കടന്നുവരവ്. 'ജയ് ജഗന്നാഥ്' എന്നു പറഞ്ഞാണ് മോദി പ്രസംഗം തുടങ്ങിയത്.

”ഇതു ജനാധിപത്യത്തിന്റെ വിജയമാണ്. ഭരണഘടനയിൽ വിശ്വാസം ഉണ്ട്. നമ്മുടെ തിരഞ്ഞെടുപ്പ് സംവിധാനത്തെക്കുറിച്ചും അതിന്റെ വിശ്വാസ്യതയെക്കുറിച്ചും അഭിമാനം തോന്നുന്നു. 1962നുശേഷം ആദ്യമായാണ് ഒരു സർക്കാർ തുടർച്ചയായി മൂന്നാം വട്ടം അധികാരത്തിൽ വരുന്നത്. ഒഡീഷയിലും ഞങ്ങൾ സർക്കാർ രൂപീകരിക്കും. ആദ്യമായാണ് അവിടെ ബിജെപിയുടെ മുഖ്യമന്ത്രിയുണ്ടാകുന്നത്. കേരളത്തിൽ അക്കൗണ്ട് തുറന്നു. നിരവധി പാർട്ടി പ്രവർത്തകരുടെ ജീവനാണ് അവിടെ പൊലിഞ്ഞത്. മധ്യപ്രദേശിലും ഉത്തരാഖണ്ഡിലും ഹിമാചൽ പ്രദേശിലും ഡൽഹിയിലും മധ്യപ്രദേശിലും മികച്ച നേട്ടമുണ്ടാക്കിയതിൽ സന്തോഷം.

പ്രതിപക്ഷം ഒന്നിച്ചെങ്കില!ും ബിജെപിക്ക് ഒറ്റയ്ക്കു കിട്ടിയതിന്റെ അത്രയും സീറ്റുകൾ നേടാൻ അവർക്കായില്ല. മൂന്നാം വട്ടം വലിയ തീരുമാനങ്ങളിലൂടെ പുതിയ തുടക്കം നൽകുമെന്ന മോദിയുടെ ഗ്യാരന്റിയാണ് നൽകാനുള്ളത്.” പ്രസംഗത്തിൽ അദ്ദേഹം വ്യക്തമാക്കി. അതിനിടെ, മോദി നാളെ രാഷ്ട്രപതിയെ കണ്ടേക്കുമെന്നും ഈയാഴ്ച തന്നെ സത്യപ്രതിജ്ഞയുണ്ടായേക്കുമെന്നാണ് പുറത്തുവരുന്ന വിവരം. പ്രതിരോധ മന്ത്രി രാജ്നാഥ് സിങ്, ആഭ്യന്തര മന്ത്രി അമിത് ഷാ, ബിജെപി അധ്യക്ഷൻ ജെ.പി. നഡ്ഡ എന്നിവരും യോഗത്തിനെത്തിയിരുന്നു.

ഉറുദു ഉൾപ്പെടെ വിവിധ ഇന്ത്യൻ ഭാഷകളിൽ 'താങ്ക്യൂ ഇന്ത്യ' എന്നെഴുതിയ ബാനർ ആണ് വേദിയുടെ പിന്നിൽ വച്ചിരുന്നത്.തുടർഭരണം നൽകിയ ജനങ്ങൾക്കു ആദ്യം എക്സിലൂടെയും പ്രധാനമന്ത്രി നന്ദി പറഞ്ഞിരുന്നു. ”ജനങ്ങൾ എൻഡിഎയിൽ മൂന്നാം വട്ടവും വിശ്വാസം അർപ്പിച്ചു. ഇതൊരു ചരിത്രനേട്ടമാണ്. കഴിഞ്ഞ പത്തുവർഷം നടത്തിയ വികസന പ്രവർത്തനങ്ങൾ തുടരുമെന്ന് ഉറപ്പു നൽകുന്നു. ബിജെപി പ്രവർത്തകർക്കും നന്ദി” മോദി എക്സിൽ കുറിച്ചു.അതേസമയം, മൂന്നാം വട്ടവും ഉത്തർപ്രദേശിലെ വാരാണസി മണ്ഡലത്തിൽനിന്നു വിജയിച്ച നരേന്ദ്ര മോദിയുടെ ഭൂരിപക്ഷം ഇത്തവണ കുറഞ്ഞത് ചർച്ചയായി. യുപി കോൺഗ്രസ് അധ്യക്ഷൻ അജയ് റായ് ആയിരുന്നു മോദിയുടെ എതിരാളി. ഇത്തവണ 1,52,513 വോട്ടുകളുടെ ഭൂരിപക്ഷം മാത്രമാണ് മോദിക്ക് ലഭിച്ചത്. 2014ൽ 3,71,784 വോട്ടുകളും 2019ൽ 4,79,505 വോട്ടുകളുമാണ് ആണ് ലഭിച്ചത്. വാരാണസിയിൽ നോട്ടയ്ക്ക് 8257 വോട്ടുകളും ലഭിച്ചു.

## ലോക പരിസ്ഥിതിദിനം ഇന്ന്

# സംസ്ഥാനതല ആഘോഷത്തിന് മുഖ്യമന്ത്രി തുടക്കം കുറിക്കും



**തിരുവനന്തപുരം:** ലോക പരിസ്ഥിതി ദിനാചരണ സംസ്ഥാനതല ആരംഭം ക്ലിഫ് ഹൗസിൽ ഫലവൃക്ഷത്തൈ നട്ടുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ജൂൺ 5 നു രാവിലെ 9ന് ക്ലിഫ് ഹൗസിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദിന്റെ അധ്യക്ഷതയിൽ നടക്കുന്ന പരിസ്ഥിതി ദിന പരിപാടിയിൽ വട്ടിയൂർക്കാവ് എം.എൽ.എ വി. കെ. പ്രശാന്ത്, കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് മണ്ണിന്റെ സ്വാഭാവികത നിലനിർത്തുക, വരൾച്ച പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുക എന്നീ ആശയങ്ങൾക്ക് ഊന്നൽ നൽകി 'നമ്മുടെ മണ്ണ് നമ്മുടെ ഭാവി' എന്ന യുണൈറ്റഡ് നേഷൻസ് ആഹ്വാനം ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനത്താകമാനം ഫലവൃക്ഷ തൈകൾ നടും. കാലാവസ്ഥ വ്യതിയാനം കാർഷിക മേഖലയിൽ വരുത്തിയ മാറ്റങ്ങൾക്കനുസരിച്ച് കൃഷി രീതി ചിട്ടപ്പെടുത്തുന്നതിനും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെ പറ്റി പൊതുസമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിനുമാണ് ഈ വർഷത്തെ പരിസ്ഥിതി ദിനം ലക്ഷ്യമിടുന്നത്.

അതേ ദിവസം കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലത്തിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഫലവൃക്ഷതൈകൾ നട്ടുകൊണ്ട് ഈ പരിപാടിയുടെ ഭാഗമാകും. കേരളത്തിലെ വിവിധ കാർഷിക പാരിസ്ഥിതിക മേഖലക്ക് അനുയോജ്യമായ ഫലവർഗ വിളകളായിരിക്കും ലഭ്യതയ്ക്കനുസരിച്ച് തിരഞ്ഞെടുക്കുക.

മാവ്, പ്ലാവ്, സപ്പോട്ട, റംബൂട്ടാൻ, പേര, ചാമ്പ, സീതപ്പഴം, മാങ്കോസ്റ്റിൻ, അവോക്കാഡോ, സുരിനാം, ചെറി തുടങ്ങിയ ഫലവർഗങ്ങൾക്കാവും മുൻഗണന നൽകുക. തൈകളുടെ നടീൽ, പരിപാലനം അനുബന്ധ വിഷയങ്ങളിൽ അതാത് പ്രദേശങ്ങളിലെ കൃഷി ഉദ്യോഗസ്ഥർ നിർദ്ദേശം നൽകുകയും നിരീക്ഷണം നടത്തുകയും ചെയ്യും.

## മഹീന്ദ്ര മനുലൈഫ് മാനുഫാക്ചറിങ് ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** നിർമാണ മേഖലയിലെ കമ്പനികളിൽ 80 മുതൽ 100 ശതമാനം വരെ നിക്ഷേപം നടത്തുന്ന മഹീന്ദ്ര മനുലൈഫ് മ്യൂചൽ ഫണ്ടിൻറെ മാനുഫാക്ചറിങ് ഫണ്ട് അവതരിപ്പിച്ചു. മെയ് 31ന് ആരംഭിച്ച എൻഎഫ്ഒ ജൂൺ 14 വരെ നടക്കും. ഓഹരികളിലും ഓഹരി അധിഷ്ഠിത പദ്ധതികളിലുമായിരിക്കും പദ്ധതിയുടെ പ്രധാന നിക്ഷേപം. പത്തിലധികം മേഖലകളും 32 വ്യവസായങ്ങളും ഉൾക്കൊള്ളുന്ന ക്യാപിറ്റൽ ഗുഡ്സ്, ലോഹങ്ങൾ & ഖനനം, ഉപഭോക്തൃ ഡ്യൂറബിൾസ്, കൺസ്ട്രക്ഷൻ തുടങ്ങിയ ഉൾപ്പെടുന്ന എസ്&പി ബിഎസ്ഇ ഇന്ത്യ മാനുഫാക്ചറിങ് ഇൻഡക്സിനായി ഏഷ്യാ ഇൻഡക്സ് പ്രൈവറ്റ് ലിമിറ്റഡ് പ്രസിദ്ധീകരിച്ച അടിസ്ഥാന വ്യവസായ പട്ടികയിലെ വൈവിധ്യമാർന്ന സ്റ്റോക്ക് പോർട്ട്ഫോളിയോയിൽ ഉൾപ്പെടുന്നു.

## കോഓർഡിനേറ്റർ നിയമനം

**തിരുവനന്തപുരം:** കേരള മത്സ്യതൊഴിലാളി ക്ഷേമനിധിബോർഡ് തിരുവനന്തപുരം മേഖലാകാര്യാലയ പരിധിയിൽപ്പെട്ട കൊല്ലം ജില്ലയിലെ ഫിഷറീസ് ഓഫീസുകളിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ കോഓർഡിനേറ്റർമാരെ നിയമിക്കും. യോഗ്യത: ബിരുദം. ജില്ലയിൽ സ്ഥിരം താമസമുള്ളവരും കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവരും ഫീൽഡ് ജോലിക്ക് പ്രാപ്തരും ആയിരിക്കണം. പ്രായം 20 നും 36 നും ഇടയിൽ. ബയോഡേറ്റ, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം എന്നിവയുടെ സർട്ടിഫിക്കറ്റുകൾ സഹിതം mastyaboardkollam@gmail.com ലോ റീജിയണൽ എക്സിക്യൂട്ടീവ്, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, റീജിയണൽ ഓഫീസ്, കാന്തി, ജി.ജി.ആർ.എ14, എ റ്റി.സി.82/258, സമദ് ഹോസ്പിറ്റലിന് സമീപം അമ്പലത്തുമുക്ക്, പേട്ട, വഞ്ചിയൂർ പി. ഒ. തിരുവനന്തപുരം 695035 വിലാസത്തിലോ അയക്കണം. അവസാന തീയതി ജൂൺ 13. ഫോൺ 04712325483.

## സംസ്ഥാന പരിസ്ഥിതിമിത്രം പുരസ്കാരങ്ങൾ 2024 പ്രഖ്യാപിച്ചു

**തിരുവനന്തപുരം:**പരിസ്ഥിതി സംരക്ഷണ രംഗത്തു ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന വ്യക്തികൾ, സംഘടനകൾ എന്നിവരെ ആദരിക്കുന്നതിനായി സംസ്ഥാന പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ് ഏർപ്പെടുത്തിയ സംസ്ഥാന പരിസ്ഥിതിമിത്രം പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം.

മികച്ച പരിസ്ഥിതി സംരക്ഷകനുള്ള പുരസ്കാരത്തിന് മണലിൽ മോഹനനും പരിസ്ഥിതി ഗവേഷകൻ കേരള സർവകലാശാല പരിസ്ഥിതി ശാസ്ത്രം പ്രൊഫസർ ഡോ. സാബു ജോസഫും പരിസ്ഥിതി മാധ്യമ പ്രവർത്തകൻ (അച്ചടി മാധ്യമം) പുരസ്കാരത്തിന് ദീപിക ബ്യൂറോ ചീഫ് റെജി ജോസഫും പരിസ്ഥിതി മാധ്യമ പ്രവർത്തകൻ (ദൃശ്യമാധ്യമം) പുരസ്കാരത്തിന് കൈരളി ന്യൂസ് എഡിറ്റർ കെ. രാജേന്ദ്രനും പരിസ്ഥിതി സംരക്ഷണ സ്ഥാപനത്തിനുള്ള പുരസ്കാരത്തിന് കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുള്ള പുരസ്കാരത്തിന് വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയും അർഹരായി.

## കീം ആദ്യ ഓൺലൈൻ പ്രവേശന പരീക്ഷയ്ക്ക് ഇന്ന് തുടക്കം

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഈ വർഷം മുതൽ ഓൺലൈനായി നടത്തുന്ന KEAM എഞ്ചിനീയറിംഗ്, ഫാർമസി പ്രവേശനപരീക്ഷകൾക്ക് ഇന്ന് (ജൂൺ 5) തുടക്കമാകുമെന്ന് മന്ത്രി ആർ. ബിന്ദു പറഞ്ഞു. വിവിധ കേന്ദ്രങ്ങളിലായാണ് പരീക്ഷ നടക്കുന്നത്.

ജൂൺ അഞ്ചു മുതൽ ഒൻപതു വരെ ഉച്ചയ്ക്ക് 2 മണി മുതൽ വൈകിട്ട് 5 മണി വരെയായിരിക്കും എഞ്ചിനീയറിംഗ് കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ നടക്കുന്നത്. എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്കുള്ള വിദ്യാർത്ഥികളുടെ ബയോമെട്രിക് വിവര ശേഖരണവും രജിസ്ട്രേഷനും അന്നേ ദിവസം രാവിലെ 11.30 മുതൽ ഉച്ചക്ക് 1.30 വരെ നടക്കും.

ഫാർമസി പരീക്ഷയ്ക്ക് മാത്രമുള്ള വിദ്യാർത്ഥികളുടെ പ്രവേശന പരീക്ഷ പത്താം തീയതി ഉച്ചയ്ക്ക് 03.30 മുതൽ 05.00 മണിവരെ ആയിരിക്കും. ഫാർമസി പരീക്ഷ എഴുതുന്നവരുടെ ബയോമെട്രിക് വിവര ശേഖരണവും രജിസ്ട്രേഷനും അന്നേദിവസം ഉച്ചയ്ക്ക് ഒരു മണി മുതൽ മൂന്ന് മണിവരെ നടക്കും.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 130 സർക്കാർ/സ്വാശ്രയ/ സ്ഥാപനങ്ങളിലെ 198 പരീക്ഷാ കേന്ദ്രങ്ങളിലും, ഡൽഹിയിലെ രണ്ട് പരീക്ഷാകേന്ദ്രങ്ങളിലും, മുംബൈ, ദുബായ് എന്നിവിടങ്ങളിലെ ഓരോ കേന്ദ്രങ്ങളിലുമായാണ് പരീക്ഷ നടക്കുക. 1,13,447 വിദ്യാർത്ഥികൾ പരീക്ഷയെഴുതും.

സംസ്ഥാനത്ത് ആദ്യമായാണ് ഇത്ര വിപുലമായ രീതിയിൽ ഓൺലൈൻ പരീക്ഷ നടത്തുന്നത്. ഒരു ദിവസം പരമാവധി 18,993 പേർക്ക് പരീക്ഷ എഴുതാനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

ഒരു പരീക്ഷാ കേന്ദ്രത്തിൽ ഒരേ സമയം പരമാവധി 126 കുട്ടികൾക്ക് വരെ പരീക്ഷ എഴുതാം. പ്രവേശന പരീക്ഷ എഴുതുന്ന എല്ലാവർക്കും മന്ത്രി ആശംസകൾ നേർന്നു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA: DOOR No.41/1065, RENJESHA BUILDING, OPPO. P.O.C, PADIVATTOM, ERNAKULAM-24, +91 9288022661/62
SHOWROOM-KARNATAKA: No.73, 80FT ROAD, NEAR HOYSALA CIRCLE, KENGERI SATELLITE TOWN, BANGALORE 560060, +91 9778685017/19
SHOWROOM-KERALA: OPPO. ROSY SCHOOL, CRYSTAL CENTRE, CHATHAPURAM, PALAKKAD, KERALA
FACTORY : KERALA: Kairady PO, Palakkad, + 91 9288022663